കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ' യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) ഓരോ സ്ഥലത്തെയും ജനസംഖ്യയും ക്രൈംറേറ്റും ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിക്കുകയും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാൽ എത്രയും പെട്ടന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, 'ഓപ്പറേഷൻ കുബേര', സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിന്റെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾ ടി പദ്ധതികളുമായി കൂടുതൽ സഹകരിക്കുന്നതിനാൽ ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

ക്രിമിനൽ കേസിൽ കുറ്റപത്രത്തിനു ശേഷമുള്ള നടപടികൾ

237 (238) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലേറെ പേർ കൊലപാതക ശ്രമത്തിന് പ്രതികളായിട്ടുള്ള ക്രിമിനൽ കേസിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടതിനുശേഷം ഒരാളുടെ പങ്കാളിത്തം സംബന്ധിച്ച് സർക്കാരിന് സംശയമുണ്ടായാൽ നിയമാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസിൽ പ്രതികളായവരിൽ ഒരാൾ നിരപരാധിത്വം അറിയിച്ച് ഹർജി തന്നാൽ ക്രിമിനൽ നടപടിക്രമമനുസരിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഘട്ടത്തിൽ ഒരാൾ നിരപരാധിയാണെന്ന് സർക്കാരിന് തീരുമാനിക്കാനാകുമോ; അപ്പോൾ അവശേഷിക്കുന്നവർ കുറ്റപ്രതികൾ അല്ലാതാകുമോ; കേസ് ഒന്നാകെ ഒഴിവാക്കാൻ പാടുള്ളതാണോ; ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ഡി) എം.ജി. കോളേജിലെ കൊലപാതകശ്രമം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകളിലെ പ്രതികളെ സംരക്ഷിക്കുന്നതായുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് അത്തരം കേസുകളിൽ പുനരന്വേഷണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ & ബി) ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിന് സ്വീകരിക്കാവുന്ന നടപടിയെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത് 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321 വകുപ്പിലാണ്. പ്രസ്തുത വകുപ്പനുസരിച്ച് ബന്ധപ്പെട്ട കേസിന്റെ പ്രോസിക്യൂഷൻ ചാർജ്ജുള്ള പബ്ലിക് പ്രോസിക്യൂട്ടറാണ് കോടതിയുടെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ പിൻവലിക്കുന്നത്. സർക്കാർ ഇത്തരം സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ പിൻവലിക്കുന്നതിലേയ്ക്ക് സമ്മതപത്രം കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. കേസ്സിന്റെ വസ്തുതകളും സാഹചര്യങ്ങളും മറ്റും പ്രോസിക്യൂട്ടർ സ്വതന്ത്രമായി പരിശോധിച്ച് കോടതിയുടെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ പിൻവലിക്കുകയാണ് ചെയ്യുന്നത്. ഏതൊക്കെ കാരണത്താൽ പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണെന്നോ കോടതി അതിന്റെ അനുമതി നല്കുമ്പോൾ എന്തൊക്കെ സംഗതികൾ പരിഗണിക്കണമെന്നോ ഉള്ള യാതൊരു സൂചനയും പ്രസ്തുത 321 വകുപ്പ് നൽകുന്നില്ല. ഈ വകുപ്പനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള മുൻകൈ പബ്ലിക് പ്രോസിക്യൂട്ടർക്കാണ്. അനുമതി നൽകുക എന്നതുമാത്രമാണ് കോടതിയ്ക്ക് ചെയ്യാനുള്ളത്. കോടതി അവിടെ ഏതെങ്കിലും കാര്യത്തിൽ ഇൻഡിഷ്യലായി ഒരു തീരുമാനം കൈക്കൊള്ളുന്നില്ല. പബ്ലിക് പ്രോസിക്യൂട്ടർ, നിയമ വിരുദ്ധമായോ നീതി നിർവ്വഹണത്തിൽ ഇടപെടുന്നതിനുള്ള ശ്രമം നടത്തുന്നതായോ ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ കോടതികൾ അനുമതി നൽകാറില്ല. തെളിവുകൾ വിലയിരുത്തിയല്ല കോടതികൾ ഇത്തരം സാഹചര്യങ്ങളിൽ അനുമതി നൽകുന്നത്. പ്രോസിക്യൂട്ടർ തന്റെ വിവേചനാധികാരം ശ്രദ്ധയോടും ഉചിതമായ വിധത്തിലും ക്രിമിനൽ നീതിയുടെ താൽപര്യത്തിനുവേണ്ടിയും വിനിയോഗിക്കേണ്ടതാണ് എന്നതാണ് അംഗീകൃത നിയമതത്വം. ഒരു പ്രതിയ്ക്കെതിരായ കേസ്സോ, എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ എല്ലാമോ പിൻവലിക്കുന്നതിനുള്ള അധികാരം വകുപ്പ് 321 നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഒരു തീരുമാനം കൈക്കൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. ഒന്നിൽ കൂടുതൽ പ്രതികളുള്ള കേസിൽ ഒരാൾ മാത്രം പ്രോസിക്യൂഷൻ പിൻവലിക്കുന്നതിനുള്ള അപേക്ഷ തന്നിട്ടുള്ള എന്ന കാരണത്താൽ പ്രസ്തുത പ്രതിയുടെ കേസ് മാത്രമേ പിൻവലിക്കുവാൻ പാടുള്ളു എന്നോ മറ്റുള്ള പ്രതികൾക്കെതിരെയുള്ള കേസ് പിൻവലിക്കുവാൻ പാടില്ലെന്നോ പ്രസ്തുത വകുപ്പിലോ ഇതു സംബന്ധിച്ച കോടതി വിധികളിലോ അനുശാസിക്കുന്നില്ല.

(സി) പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭത്തിൽ സർക്കാരോ പ്രോസിക്യൂട്ടറോ കോടതിയോ ഒരു പ്രതിയോ എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. ആയതിനാൽ ഒരു കേസ് പിൻവലിക്കുന്ന സമയം പ്രതികളുടെ നിരപരാധിത്വമോ അപരാധിത്വമോ പരിഗണനയ്ക്കുവരുന്നില്ല. ഇപ്രകാരമുള്ള ഒരു പരിഗണനയോ പരിശോധനയോ ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതാകുന്നു. അപ്രകാരം ഒരു പരിശോധന നിയമം അനുശാസിക്കുന്നുമില്ല.

(ഡി) ആക്ഷേപങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനം സ്വീകരിക്കും.

കാസർഗോഡ് പുല്ലൂർ - എടമുണ്ടയിലെ ഓട്ടോറിക്ഷ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവം

238 (239) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകീർത്തികരമായ വാർത്തയുടെ പേരിൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ-എടമുണ്ടയിലെ ഓട്ടോറിക്ഷാ ഡ്രൈവർ രഞ്ജിത്ത് ആത്മഹത്യചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകീർത്തികരമായ വാർത്ത നൽകിയ സായാഹ്ന പത്ര ഉടമയ്ക്കെതിരെയും ലേഖകനെതിരെയും ഗൂഢാലോചനയിൽ പങ്കാളിയായവരുടെയും പേരിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 14-10-2014-ൽ കാസർഗോഡ് പുല്ലൂർ എടമുണ്ട എന്ന സ്ഥലത്തുള്ള ഓട്ടോ ഡ്രൈവറായ രഞ്ജിത്ത് എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ അപകീർത്തികരമായ വാർത്ത

LIBRARY ARCHIVES Kerala Legislative Assembly